## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6342** **31.10.2011 ൽ മറുപടിയ്ക്ക്**

### ഫോറസ്റ്റ് റെയിഞ്ചാഫീസർമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ നിയമനരീതി പരിഷ്കരിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏത് ചട്ടപ്രകാരമാണ് അവരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ; | (ബി) 2010-ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസും, കേന്ദ്ര സർക്കാരിന്റെ 2004-ലെ റെയിഞ്ചാഫീസർമാർക്കുള്ള എൻട്രൻസ് ആൻറ് ട്രെയിനിംഗ് റൂൾസും (റിവൈസ്ഡ്) പ്രകാരമാണ് ഫോറസ്റ്റ് റെയിഞ്ചാഫീസർമാരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. |
| (സി) ഇത് സംസബന്ധിച്ച് സംസ്ഥാനത്ത് ബാധകമാക്കിയ സ്പെഷ്യൽ റൂൾസിൽ എന്തൊക്കെ മാനദണ്ഡങ്ങളാണുള്ളത് ; | (സി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) രാജ്യത്ത് പൊതുവായി നിലവിലുള്ള നിയമനരീതി സംസ്ഥാനത്ത് മാറ്റിമറിച്ചത് എന്തിനാണ് എന്ന് വ്യക്തമാക്കുമോ ; | (ഡി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് ചട്ടങ്ങൾ രൂപീകരിക്കുന്നത്. |
| (ഇ) പ്രസ്തുത തസ്തികക്ക് അപേക്ഷിക്കേണ്ട ഉയർന്ന പ്രായപരിധി എത്രയാണ് ; ഉയർന്ന പ്രായപരിധി കുറച്ചത് കാരണം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) ഫോറസ്റ്റ് റെയിഞ്ചാഫീസർ തസ്തികയ്ക്ക് അപേക്ഷിക്കേണ്ട ഉയർന്ന പ്രായപരിധി 32 വയസ്സ് ആണ്. (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും മറ്റു പിന്നോക്ക വിഭാഗത്തിൽപെടുന്ന ഉദ്യോഗാർത്ഥികൾക്ക് 3 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്) ഉയർന്ന പ്രായപരിധി കുറച്ചതുകാരണം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | |
|---|---|
| (എഫ്) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തിക യുടെ തിരഞ്ഞെടുപ്പിൽ വരുത്തിയ മാറ്റം പുന:പരിശോധിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ ? | (എഫ്) ഇപ്പോൾ പരിഗണനയില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.